പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5970

04.11.2016 -ൽ
മറുപടിയ്ക്ക്

## പഞ്ചവത്സര എൽ.എൽ.ബി.കോഴ്സ്

**ചോദ്യം**

**ശ്രീ.ഹൈബി ഈഡൻ**

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) 2012-13, 2013-14, 2014-15, 2015-16 അധ്യായന വർഷങ്ങളിൽ ഏതേതു ദിവസങ്ങളിലാണ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സിന്റെ ക്ലാസ് ആരംഭിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ;

(എ)

| ക്രമ നമ്പർ | ലോ കോളേജ് | വർഷം | ക്ലാസുകൾ ആരംഭിച്ച തീയതി |
|---|---|---|---|
| 1. | തിരുവനന്തപുരം | 2012-13 | 19.09.2012 |
| | | 2013-14 | 21.10.2013 |
| | | 2014-15 | 17.09.2014 |
| | | 2015-16 | 28.09.2015 |
| 2. | എറണാകുളം | 2012-13 | 04.10.2012 |
| | | 2013-14 | 01.11.2013 |
| | | 2014-15 | 22.09.2014 |
| | | 2015-16 | 22.09.2015 |
| 3. | തൃശ്ശൂർ | 2012-13 | 24.09.2012 |
| | | 2013-14 | 06.11.2013 |
| | | 2014-15 | 22.09.2014 |
| | | 2015-16 | 18.09.2015 |
| 4. | കോഴിക്കോട് | 2012-13 | 17.09.2012 |
| | | 2013-14 | 21.10.2013 |
| | | 2014-15 | 16.09.2014 |
| | | 2015-16 | 22.09.2015 |

(ബി) 2016-17 അധ്യായന വർഷത്തിൽ പഞ്ചവത്സര എൽ.എൽ.ബി കോഴ്സിന്റെ ക്ലാസ് എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ക്ലാസുകൾ ആരംഭിക്കുന്നതാണ്.

(സി) മുൻ അധ്യായന വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി, എൻട്രൻസ് പരീക്ഷയ്ക്ക് ശേഷം ക്ലാസ് ആരംഭിക്കുന്നതിൽ കാലതാമസം വന്നതായി കരുതുന്നുണ്ടോ;

(സി) കാലതാമസം ഉണ്ടായിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | വിദ്യാർത്ഥികളുടെ വിലപ്പെട്ട പഠന ദിവസങ്ങൾ നഷ്ടപ്പെടാനുള്ള സാധ്യത കണക്കിലെടുത്ത് അധ്യായന വർഷത്തിന്റെ ആരംഭത്തിൽ തന്നെ എൽ.എൽ.ബി ക്ലാസുകൾ ആരംഭിക്കുക എന്നത് ഒരു നയമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) & (ഇ) | അടുത്ത അദ്ധ്യായനവർഷം മുതൽ ത്രിവത്സര പഞ്ചവൽസര എൽ.എൽ.ബി കോഴ്സുകൾ നേരെത്തേ തുടങ്ങുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്, ലോ കോളേജുകളിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട 27.10.2016 തീയതിയിൽ ബഹു വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുചേർക്കുകയും പ്രസ്തുത യോഗത്തിൽ അടുത്ത അദ്ധ്യയനവർഷത്തെ ത്രിവത്സര പഞ്ചവൽസര എൽ.എൽ.ബി കോഴ്സുകൾ നേരത്തെ തുടങ്ങുന്നതിനും പ്രവേശന പരീക്ഷയും അഡ്മിഷനും കഴിവതും ജൂലൈയിൽ തന്നെ നടത്തുന്നതിനും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | വൈകി ആരംഭിക്കുന്ന എൽ.എൽ.ബി കോഴ്സുകൾ പൂർത്തിയാകുന്നതിൽ വരുന്ന കാലതാമസം കാരണം കേരളത്തിന് പുറത്ത് എൽ.എൽ.എം പഠനം നടത്താൻ ഉദ്ദേശിക്കുന്നവർക്ക് വരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കൃത്യമായി അധ്യായന വർഷത്തിന്റെ ആരംഭത്തിൽ തന്നെ എൽ.എൽ.ബി കോഴ്സുകൾ ആരംഭിക്കുന്നതിനായി എന്തെങ്കിലും കർമ്മ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ